

# കേരളത്തിലെ സുഗന്ധനെല്ലിനങ്ങളും ഔഷധനെല്ലിനങ്ങളും

കേരളം പണ്ട് വിവിധ കാർഷിക കാലാവസ്ഥാ സാഹചര്യങ്ങളിൽ വളരുന്ന പരമ്പരാഗത നെല്ലിനങ്ങളാൽ സമ്പന്നമായിരുന്നു. സുഗന്ധമുള്ളതും ഔഷധഗുണമുള്ളതും ഉൾപ്പെടെ രണ്ടായിരത്തിലധികം പരമ്പരാഗത നെല്ലിനങ്ങൾ ഭാരതത്തിന്റെ നെല്ലറയെ വൈവിധ്യപൂർണ്ണമാക്കി. എന്നാൽ സംസ്ഥാനത്ത് നെൽകൃഷിക്കു വലിയ തോതിൽ കുറവുണ്ടായ സാഹചര്യത്തിൽ പല നെല്ലിനങ്ങളും ഇപ്പോൾ തീർത്തും കൃഷി ചെയ്യാത്ത അവസ്ഥയാണ്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അടുത്തിടെ നടത്തിയ പഠനത്തിൽ, ഒരു കാലത്ത് പ്രാദേശിക നെല്ലിനങ്ങളുടെ കലവറയായിരുന്ന വയനാട് ജില്ലയിൽ നിന്ന് 55 ഇനങ്ങൾ അപ്രത്യക്ഷമായതായി കണ്ടെത്തി. ഇതേത്തുടർന്ന് ബോർഡ് പരമ്പരാഗത നെല്ലിനങ്ങളുടെ സംരക്ഷണത്തിനായി വിത്തുബാങ്ക് സ്ഥാപിക്കൽ, നാടൻ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കൽ, ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കൽ എന്നിവ നടപ്പാക്കി വരുന്നു. കൂടുതൽ ഗുണമേൻമയുള്ള, എന്നാൽ കുറഞ്ഞ പരിചരണം മാത്രം ആവശ്യമായ പരമ്പരാഗത നെല്ലിനങ്ങൾക്ക് കാലാവസ്ഥാ മാറ്റത്തിന്റെയും ആഗോളതാപനത്തിന്റെയും കാലത്തു പ്രസക്തിയേറി വരികയാണ്.

കേരളത്തിലെ സുഗന്ധ നെല്ല്, ഔഷധനെല്ല് ഇനങ്ങളുടെ സവിശേഷതകൾ

**ഗന്ധകശാല** – 150–180 ദിവസം മൂപ്പ്, വയ്ക്കോൽ നിറത്തിലുള്ള ചെറിയ ഉരുണ്ട ധാന്യം, വെളുത്ത, സുഗന്ധമുള്ള അരി, വർഷകാലത്ത് നടീലിന് യോജിച്ച ഇനം.

**ജീരകശാല** – 150–180 ദിവസം മൂപ്പ്, അൽപം നീണ്ട് മെലിഞ്ഞ് വയ്ക്കോൽ നിറത്തിലുള്ള ധാന്യം, വെളുത്ത സുഗന്ധമുള്ള അരി, വർഷകാലത്ത് നടീലിന് അനുയോജ്യം.

**വെളുമ്പാല** – 180 ദിവസം മൂപ്പ്. വെളുത്ത്, മെലിഞ്ഞ നീളമുള്ള ധാന്യം. വെളുത്ത, സുഗന്ധമുള്ള അരി. വർഷകാലത്ത് നടീലിന് അനുയോജ്യം.

**ചോമാല** – 165–180 ദിവസം. ചെറിയ, മെലിഞ്ഞ അൽപം ചുവപ്പു രാശിയുള്ള വയ്ക്കോൽ നിറത്തോടു കൂടിയ ധാന്യം. കരപ്പാടങ്ങളിൽ നേരിട്ടു വിതയ്ക്കുവാൻ അനുയോജ്യം.

**കയമ** – 150–180 ദിവസം. ചെറിയ, ഉരുണ്ട, വയ്ക്കോൽ നിറത്തിലുള്ള ധാന്യം. വെളുത്ത, സുഗന്ധമുള്ള അരി. വർഷകാലകൃഷിക്ക് അനുയോജ്യം.

**കൊത്തമ്പാല** – 120–130 ദിവസം. ചെറിയ, മെലിഞ്ഞ, കറുത്ത ധാന്യം. വെളുത്ത, സുഗന്ധമുള്ള അരി. വർഷകാലകൃഷിക്ക് അനുയോജ്യം.

**പൂക്കിലത്തരി** – 130–135 ദിവസം. ചെറിയ, മെലിഞ്ഞ വയ്ക്കോൽ നിറത്തിലുള്ള ധാന്യം. വെളുത്ത, സുഗന്ധമുള്ള അരി. വേനൽക്കാലത്ത് ഒരുപ്പൂ നിലങ്ങളിൽ (പള്ളിയാൽ) നടീലിന് അനുയോജ്യം.

**ഞവര (നവര)** – 60–90 ദിവസം. ഉയരം കൂടിയതും, ബലം കുറവായതിനാൽ ചാഞ്ഞു വീഴുന്നതുമായ നെൽച്ചെടികൾ, ചെറുതു മുതൽ ഇടത്തരം വരെ നീളമുള്ള കതിരുകൾ. മഞ്ഞയും കറുപ്പും ധാന്യമണികളുള്ള ഒരുതരം നവര നെല്ല്. കരപ്പാടങ്ങളിൽ വർഷകാല വിളയായും ചേറ്റു നിലങ്ങളിൽ വേനൽക്കാല വിളയായും കൃഷി ചെയ്യുന്നു. ഗന്ധവും പശപശപ്പുമില്ലാത്ത ബ്രൗൺ നിറത്തിലുള്ള തവിടോടുകൂടിയ ധാന്യം.

**ചെന്നെല്ല്** – 120–125 ദിവസം. മഞ്ഞയും ചുവപ്പും ധാന്യമണികളുള്ള രണ്ടു തരങ്ങൾ. ചുവന്നതരം തെങ്ങിൻതോട്ടങ്ങളിൽ വർഷകാലത്തും മഞ്ഞ നിറത്തിലുള്ളവ വയലിൽ വേനൽക്കാലത്തും വർഷകാലത്തും കൃഷി ചെയ്തു വരുന്നു.

**കവുങ്ങിൻ പൂത്താല** – 150–160 ദിവസം. ഋതുബന്ധിത സ്വഭാവമുള്ളത്. നീണ്ട് മെലിഞ്ഞ് വെളുത്ത ധാന്യം. വേനൽക്കാല വിളക്ക് യോജിച്ച ഇനം.

## കേരളത്തിലെ നെല്ലിനങ്ങൾക്ക് ഭൗമസൂചിക

കേരളത്തിലെ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല, പാലക്കാടൻ മട്ട, നവര, പൊക്കാളി എന്നിവ ഭൗമസൂചിക [Geographical Indications of Goods (Registration and Protection)] അംഗീകാരം ലഭിച്ചവയാണ്.

**ജീരകശാല** – പ്രതിവർഷം 3000 മുതൽ 4000 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്നതും ഉയരം കൂടിയതുമായ വയനാട്ടിൽ ഏറെ പ്രചാരമുള്ള പരമ്പരാഗത നെല്ലിനമാണ് ജീരകശാല. വയനാടൻ ജീരകശാല അരിയുടെ ഹൃദ്യമായ സുഗന്ധവും രുചിയും അതിന് വിപണിയിൽ മികച്ച വില ലഭ്യമാക്കുന്നു. നെൽച്ചെടികൾക്ക് ഉയരമുള്ളതിനാൽ ചാഞ്ഞു വീഴാനുള്ള പ്രവണതയും, ചെറിയ തോതിൽ ഋതുബന്ധിത സ്വഭാവവും, കീട–രോഗബാധയ്ക്കെതിരെ അതിജീവനശേഷിയുമുണ്ട്. ശരാശരി ഉൽപ്പാദനം ഹെക്ടറിന് 2.0–2.7 ടൺ നെല്ലും 4 ടൺ വയ്ക്കോലുമാണ്. ശൈത്യകാലത്ത് (നഞ്ച) വിളയിറക്കുമ്പോൾ തണുപ്പ് ഏറ്റവും കൂടുതലുള്ള നവംബർ–ഡിസംബർ മാസങ്ങളിൽ നെൽച്ചെടികൾ പൂവിടുകയും ധാന്യത്തിന് നല്ല സുഗന്ധം ലഭിക്കുകയും ചെയ്യുന്നു. കുണ്ടു വയലകളിൽ അഥവാ ആഴമുള്ള പാടങ്ങളിലാണ് ഈയിനം പ്രധാനമായും കൃഷി ചെയ്യുന്നത്. ഇത്തരം നെൽപ്പാടങ്ങളിൽ കണ്ടുവരുന്ന പക്ഷികൾ, മത്സ്യങ്ങൾ തുടങ്ങിയ ജീവജാലങ്ങളുടെ വൈവിധ്യം നെല്ലിന്റെ കീട–രോഗ നിയന്ത്രണത്തിൽ പ്രധാന പങ്ക് വഹിക്കുന്നു.

**ഗന്ധകശാല** – കേരളത്തിൽ പരമ്പരാഗതമായി ഈയിനം നടുന്നത് തിരുവാതിര ഞാറ്റുവേലയ്ക്കാണ്. ജൂൺ മാസത്തിൽ ആരംഭിക്കുന്ന തിരുവാതിര ഞാറ്റുവേലക്കാലത്ത് മഴയും വെയിലും തുല്യ അളവിൽ ലഭിക്കുന്നതിനാൽ കൃഷിക്ക് ഏറെ അനുയോജ്യമാണ്. നെൽച്ചെടികൾക്ക് ഉയരം കൂടുതലും തണ്ടിനു ബലം കുറവുമായതിനാൽ ചാഞ്ഞുവീഴുന്ന സ്വഭാവമുണ്ട്. രോഗ–കീടബാധകൾക്കെതിരെ അതിജീവനശേഷിയുണ്ട്. കേരളത്തിലെ സാധാരണ നെല്ലിനങ്ങളെയും ബസ്മതി മുതലായ സുഗന്ധ നെല്ലിനങ്ങളെയും അപേക്ഷിച്ച് ഗന്ധകശാലയുടെ ധാന്യമണികൾക്ക് വലിപ്പം തീരെ കുറവാണ്, ആകർഷകമായ സ്വർണ്ണ നിറവുമുണ്ട്.

വലിപ്പം കുറഞ്ഞ നെല്ലിൽ നിന്ന് പൊടിഞ്ഞുപോകാതെ അരി വേർതിരിച്ചെടുക്കുവാൻ പ്രത്യേകതരം റൈസ്മില്ലുകൾ ആവശ്യമാണ്. ധാന്യത്തിന് നല്ല സുഗന്ധം ലഭിക്കുന്നതിന് ശൈത്യകാലത്ത് (നഞ്ച) കുണ്ടുവയലുകളിലാണ് കൃഷിയിറക്കുന്നത്.

ജീരകശാല, ഗന്ധകശാല നെല്ലിനങ്ങൾ പ്രധാനമായും കല്യാണത്തിനും മറ്റു വിശേഷ അവസരങ്ങളിലും നെയ്ച്ചോറ്, പായസം എന്നിവ തയ്യാറാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ആദിവാസി സമുദായങ്ങളിൽ ഇവ പൂജയ്ക്കും കല്യാണ വിരുന്നിനും ഉപയോഗിക്കാറുണ്ട്.

**ഞവര നെല്ല്** – കേരളത്തിൽ കൃഷിചെയ്തു വന്നിരുന്ന വ്യത്യസ്തങ്ങളായ നെല്ലിനങ്ങളിൽ പലതും നഷ്ടപ്പെട്ടു

വെങ്കിലും ചില ഇനങ്ങൾ അവയുടെ ഔഷധഗുണം കണക്കിലെടുത്ത് കർഷകർ ഇപ്പോഴും കൃഷി ചെയ്തു വരുന്നുണ്ട്. ഞവര, ചെന്നെല്ല്, കുഞ്ഞിനെല്ല്, എരുമക്കാരി, കറുത്തചെമ്പാവ്, കവുങ്ങിൻ പൂത്താല എന്നിവ ഇതിൽ ഉൾപ്പെടുന്നു. പോഷകഗുണമുള്ള, ആരോഗ്യദായക ഭക്ഷണമായി നവരനെല്ല് ഉപയോഗിക്കപ്പെടുന്നു. പ്രാചീന ആയുർവേദ ഗ്രന്ഥങ്ങളായ ശുശ്രുത സംഹിത (400–200 BC), അഷ്ടാംഗ ഹൃദയ (600 AD) എന്നിവയിൽ ഇതിനെ സാഷ്ടിക അരി എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. സന്ധിവീക്കം, തളർവാതം, നാഡീരോഗങ്ങൾ എന്നിവയ്ക്കുള്ള രണ്ട് പ്രധാന ആയുർവേദ ചികിത്സാ രീതികളാണ് ഞവരക്കിഴിയും ഞവരതേപ്പും. വിശിഷ്ടാവസരങ്ങളിൽ ഉപയോഗിക്കുന്ന പുണ്യധാന്യമായും നവര അറിയപ്പെടുന്നു.

ഞവരവിത്ത് 12 മണിക്കൂർനേരം വെള്ളത്തിൽ കുതിർത്തതിനു ശേഷം ചാക്കിൽ മുറുക്കിക്കെട്ടി 3–4 ദിവസം വയ്ക്കോൽ കൊണ്ട മൂടി വയ്ക്കുന്നു. ഈർപ്പം നിലനിർത്തുന്നതിനായി ദിവസത്തിൽ 2–3 പ്രാവശ്യം വയ്ക്കോലിനുമീതെ വെള്ളം തളിക്കുന്നു. മുളപൊട്ടിയ വിത്ത് ഉഴുതിട്ട പാടങ്ങളിൽ നേരിട്ടാണു വിതക്കുന്നത്. ഹ്രസ്വകാല ഇനമായ നവര 60 മുതൽ 90 ദിവസം കൊണ്ട് മൂപ്പെത്തുകയും നവരനെല്ല് യന്ത്രസഹായമില്ലാതെ കൈകൊണ്ട് കൊയ്തെടുക്കുകയും ചെയ്യുന്നു. ഔഷധഗുണമുള്ള നെല്ലായതിനാൽ പൂർണ്ണമായും ജൈവരീതിയിലാണ് കൃഷി ചെയ്യേണ്ടത്

**പാലക്കാടൻ മട്ട** – കേരളത്തിലെ പാലക്കാട് ജില്ലയിൽ പരമ്പരാഗതമായി കൃഷിചെയ്തു വരുന്ന, ഉയർന്നതോതിൽ പോഷകഗുണവും സവിശേഷമായ നിറവും രുചിയുമുള്ള നെല്ലിനമാണ് പാലക്കാടൻ മട്ട. ഭൗമസൂചിക പ്രകാരം ആര്യൻ, അരുവക്കരി, ചിറ്റേനി, ചെങ്കഴമ, ചെറ്റാടി, തവളക്കണ്ണൻ, എരുപ്പ്, പൂച്ചെമ്പാൻ, വട്ടൻജ്യോതി, കുഞ്ഞുകുഞ്ഞ് എന്നിങ്ങനെ 10 തരം പാലക്കാടൻ മട്ടയുണ്ട്. മുഴുത്ത, ചുവപ്പ് ആവരണത്തോടുകൂടിയ മട്ടയരിയിൽ പോഷകങ്ങളുടെയും നാരിന്റെയും അംശം വളരെ കൂടുതലാണ്. കൂടാതെ നെല്ല് പുഴുങ്ങി പുഴുക്കലരിയായി ഉപയോഗിക്കുന്നത് ഇതിന്റെ പോഷകഗുണം നഷ്ടപ്പെടാതെ നിലനിർത്താൻ സഹായിക്കുന്നു.

പാലക്കാടിന്റെ പ്രത്യേകതയായ കറുത്ത മണ്ണിലും , 60–80 ശതമാനം കളിമണ്ണും എക്കൽമണ്ണും കലർന്ന് സാന്ദ്രതയും ജലാഗിരണശേഷിയും കൂടുതലുള്ള പൂന്തൽപ്പാടങ്ങളിലും മട്ടനെല്ല് കൃഷി ചെയ്തു വരുന്നു. ഈർപ്പമുള്ള കാലാവസ്ഥ, മണ്ണിന്റെ പ്രത്യേകത, പാലക്കാടൻ കാറ്റ്, നല്ല സൂര്യപ്രകാശം, പശ്ചിമഘട്ടത്തിൽ നിന്നൊഴുകിയെത്തുന്ന നദികൾ ഇവയെല്ലാം ചേർന്ന് മട്ടനെല്ലിന് സവിശേഷമായ ഗുണമേൻമയും രുചിയും നൽകുന്നു.

**പൊക്കാളി നെല്ല്** – ഉപ്പിന്റെ അംശം കൂടിയ വയലുകളിൽ വളരാൻ കഴിവുള്ള പൊക്കാളി നെല്ലിനങ്ങൾ ലോക പ്രശസ്തമാണ്. അന്താരാഷ്ട്രതലത്തിൽ തന്നെ പുതിയ നെല്ലിനങ്ങളുടെ വികാസത്തിൽ ഇവയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. പൊക്കാളി നെല്ലിന് ഔഷധഗുണമുണ്ടെന്നാണ് വിശ്വസിക്കപ്പെടുന്നത്. മുഴുത്ത, ഇടത്തരം വലിപ്പത്തിലുള്ള പൊക്കാളിയരിക്ക് നല്ല പാചകഗുണവും പ്രത്യേക രുചിയുമുണ്ട്.

പൊക്കാളി കൃഷി കേരളത്തിലെ അമ്ലത്വവും ഉപ്പുരസവും കലർന്ന വയലുകളിൽ നടത്തുന്ന സവിശേഷമായ നെൽകൃഷി സമ്പ്രദായമാണ്. മണ്ണിൽ ഉപ്പുരസം ഏറ്റവും കുറവുള്ള ജൂൺ –ഒക്ടോബർ കാലയളവിൽ മൺകൂനകളെടുത്ത് ഒരു വിള നെൽകൃഷിയും, തുടർന്ന് ഉപ്പുരസം കൂടുതലുള്ള നവംബർ –ഏപ്രിൽ കാലയളവിൽ കൊഞ്ച് കൃഷിയും ചെയ്യുന്നു. രാസവളമോ കീടനാശിനിയോ ഉപയോഗിക്കാതെ തികച്ചും പരമ്പരാഗത ജൈവകൃഷിയാണിതിന്റെയെന്നത് ഏറെ ശ്രദ്ധേയമാണ്. ദിവസേനയുള്ള വേലിയേറ്റവും വേലിയിറക്കവും ജൈവാംശം കൂടുതലുള്ളതിനാൽ വർദ്ധിച്ചതോതിലുള്ള സൂക്ഷ്മ ജീവികളുടെ പ്രവർത്തനവും പൊക്കാളിപ്പാടങ്ങളെ ഫലഭൂയിഷ്ടമാക്കുന്നു. ഒരു ഹെക്ടറിൽ നിന്ന് ശരാശരി 2000 കിലോ നെല്ല് ലഭിക്കുന്നുണ്ടെന്നാണ് കർഷകരുടെ അഭിപ്രായം.

### കുട്ടനാട് കാർഷിക പാരിസ്ഥിതിക വ്യവസ്ഥയ്ക്ക് കാർഷിക പൈതൃക പദവി

കേരള സംസ്ഥാനത്തിന്റെ തെക്കുഭാഗത്ത് കുട്ടനാട് മുതൽ വടക്ക് തൃശ്ശൂർ ജില്ലയിലെ കോൾപ്പാടങ്ങൾ വരെയുള്ള പ്രദേശത്ത് സവിശേഷമായ നെൽകൃഷി രീതിയാണ് നടപ്പിലാക്കി വരുന്നത്. താഴ്ന്ന പ്രദേശമായതിനാൽ മഴക്കാലത്ത് വെള്ളപ്പൊക്കത്തിനും അല്ലാത്ത സമയം ഉപ്പുരസത്തിന്റെ കടന്നുകയറ്റത്തിനും ഇവിടം വിധേയമാകുന്നു. അതിനാൽ ഒരു നെല്ല് – ഒരു മീൻ എന്ന കൃഷി സമ്പ്രദായമാണ് ഇപ്പോൾ നടന്നു വരുന്നത്. അന്താരാഷ്ട്ര ഭക്ഷ്യകാർഷിക സംഘടന കുട്ടനാടിനെ ആഗോള പ്രാധാന്യമുള്ള കാർഷിക പൈതൃക കേന്ദ്രമായി (Globally Important Agricultural Heritage Site – GIAHS) അംഗീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.
തിരുവനന്തപുരം 695011 ഫോൺ: 04712554740
www.keralabiodiversity.org
keralabiodiversity@gmail.com



# കേരളത്തിലെ സുഗന്ധനെല്ലിനങ്ങളും ഔഷധനെല്ലിനങ്ങളും

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**